S.N.V.L.P.S
VAKAYAR

അക്കാദമിക

മാസ്റ്റർ പ്ലാൻ

2025-2026

ACE Scanner

# ഉള്ളടക്കം

- ആമുഖം
- നിലവിലെ അവസ്ഥ.
- ലഭ്യമായ വിവരങ്ങൾ
- കുട്ടികളുടെ എണ്ണം
- വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ.
- അക്കാദമിക പ്രവർത്തനങ്ങൾ
- മലയാളം
- ഇംഗ്ലീഷ്
- ഗണിതം, × പരിസര പഠനം × ആരോഗ്യ

കലാ– കായിക വിദ്യാഭ്യാസം

- ഉപസംഹാരം

PDF Scanner ACE Scanner

S.N.V.L.P.S

വകയാർ

പഞ്ചായത്ത് - പ്രമാടം

വാർഡ് നമ്പർ - 12

വാർഡ് മെമ്പർ - ഫിലിപ്പ് .M.V

താലൂക്ക് - കോന്നി

വില്ലേജ് - വി-കോട്ടയം

ബ്ലോക്ക് - പഞ്ചായത്ത് - കോന്നി.

ജില്ല - പത്തനംതിട്ട

ഉപജില്ല - കോന്നി

വിദ്യാഭ്യാസ ജില്ല - പത്തനംതിട്ട

BRC - കോന്നി

സ്കൂൾ കോഡ് - 38735

വിലാസം - വകയാർ, കോന്നി - 689698

## ആമുഖം

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്ക് പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതു വഴി കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും

PDF Scanner ACE Scanner

## ചരിത്രം

മലയോര ജില്ലയായ പത്തനംതിട്ടയിലെ കോന്നി താലൂക്കിൽ പ്രമാടം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം 1930 ൽ ആണ് സ്ഥാപിതമായത്. ഈ നാടിന്റെ സർവ്വോന്മുഖമായ പുരോഗതിയിൽ കൈത്തിരിയായി തെളിഞ്ഞുനിൽക്കുന്ന ഒരു സരസ്വതി ക്ഷേത്രമാണിത്. പ്രദേശത്തെ പതിനായിരക്കണക്കിന് കുട്ടികൾ ഇവിടെ പഠിച്ച് സമൂഹത്തിന്റെ വിവിധമേഖലകളിൽ പ്രമുഖരായി തീർന്നു. ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപകർ, വക്കീൽ, ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ സേവനം അനുഷ്ഠിക്കുന്നുണ്ട്.

## മാനേജ്മെന്റ്

വകയാർ S.N.D.P ശാഖയുടെ നിയന്ത്രണത്തിലുള്ള ഈ സ്കൂൾ 1990 കാലഘട്ടത്തിൽ S.N.D.P യോഗം മാനേജ്മെന്റിന് കൈമാറി. ഇപ്പോൾ S.N.D.P യോഗം മാനേജ്മെന്റിന്റെ നിയന്ത്രണത്തിലാണ്. കേരളത്തിലുടനീളം നിരവധി കോളേജുകളും, സ്കൂളുകളും മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു. S.N.D.P യോഗം ജനറൽ സെക്രട്ടറി. ശ്രീ. വെള്ളാപ്പള്ളി നടേശൻ അവർകൾ ജനറൽ മാനേജരായും, ശ്രീ. T.P സുന്ദരേശൻ സാർ യോഗം അസിസ്റ്റന്റ് സെക്രട്ടറിയായും പ്രവർത്തിക്കുന്നു. Local Manager — പത്തനംതിട്ട S.N.D.P യൂണിയൻ പ്രസിഡന്റ് ശ്രീ. കെ. പത്മകുമാർ അവർകൾ

## ലഭ്യമായ വിവരങ്ങൾ

വായനാസാമഗ്രികൾ, കമ്പ്യൂട്ടർ (ലാപ് ടോപ്പ്) പ്രൊജക്ടർ, സൗകര്യപ്രദമായ ടോയ്‌ലറ്റുകൾ, ഉച്ചഭക്ഷണം പാചകത്തിനും, വിതരണത്തിനും ആവശ്യമായ പാത്രങ്ങൾ, പാചക വാതക ഗ്യാസ്, ആഡിറ്റോറിയം, വൈദ്യുതി, വാഹനസൗകര്യം, മതിയായ ക്ലാസ് മുറികൾ എന്നിവ ഈ സ്കൂളിന്റെ പ്രത്യേകതയാണ്. കൂടാതെ G.K ക്ലാസ്സുകൾ, കലാ-കായിക പ്രവർത്തനങ്ങളുടെ പരിശീലനം, L.S.S. പരീക്ഷ, പരിശീലനം, ക്വിസ് മത്സരങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ, സബ് ജില്ലാ ശാസ്ത്രമേള, കലാമേള എന്നിവയിൽ കുട്ടികളെ പരിശീലിപ്പിക്കൽ, മികച്ച വിജയം ഉറപ്പാക്കൽ, തുടങ്ങിയവ അക്കാദമിക മികവിന്റെ ഭാഗമായി നടത്തുന്നു.

### കുട്ടികളുടെ എണ്ണം. 2025-2026

| ക്ലാസ് | ആൺ | പെൺ | ആകെ. |
|---|---|---|---|
| 1 | 3 | 8 | 11 |
| 2 | 8 | 5 | 13 |
| 3 | 11 | 6 | 17 |
| 4 | 6 | 4 | 10 |
| 5 | 6 | 5 | 11 |
| | 34 | 28 | 62 |

## നിലവിലെ അവസ്ഥ

ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകൾ ഉള്ള ഈ വിദ്യാലയത്തിൽ ആറ് അധ്യാപകരും, [illegible]മാണ് ഇപ്പോഴുള്ളത്. സ്കൂളിനോട് ചേർന്ന് (പ്രീപ്രൈമറി) വിഭാഗം 2007 മുതൽ പ്രവർത്തിച്ചു വരുന്നു. ഓഫീസ് മുറി ഉൾപ്പെടെ 10 ക്ലാസ് മുറികൾ ഉണ്ട്. പ്രീപ്രൈമറി ക്ലാസ്സിൽ 20 കുട്ടികളുണ്ട്. ഹെഡ്മിസ്ട്രസ്സ് നിയമിച്ച അധ്യാപികയും, ആയയും ഈ വിഭാഗത്തിൽ ജോലി ചെയ്തു വരുന്നു.

Smart class room ഇല്ല. കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവ ഒന്നിച്ചാണ്. കമ്പ്യൂട്ടർ ലാബിൽ 5 ലാപ്ടോപ്പുകൾ, 2 പ്രോജക്ടറുകൾ എന്നിവ ഉണ്ട്. കമ്പ്യൂട്ടർ ലാബിൽ ആധുനിക സംവിധാനങ്ങൾ ഒന്നും തന്നെയില്ല. ടോയ്‌ലറ്റുകൾ, യൂറിനലുകൾ എന്നിവയുണ്ട്. സ്കൂളിനു മുറ്റത്ത് സപ്പോട്ട, പനിനീർ ചാമ്പ, അമ്പഴം, ലൗലോലിമരം, നെല്ലി, ബദാം, മാവ്, ലക്ഷ്മിതരു, റമ്പൂട്ടാൻ, പേര, അശോകം, കറിവേപ്പ് തുടങ്ങിയ മരങ്ങൾ നട്ടു വളർത്തിയിട്ടുണ്ട്. സ്കൂൾ മുറ്റത്ത് ചെറിയൊരു ആമ്പൽ കുളവുമുണ്ട്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള കുട്ടികളാണ് ഈ വിദ്യാലയത്തിൽ

ആരോഗ്യത്തിനും ഉപരിയായത് സ്കൂളിൽ ശാസ്ത്രീയമായ പ്രവർത്തനങ്ങൾക്കും രക്ഷിതാക്കളുടെയും, നാട്ടുകാരുടെയും മറ്റു പിന്തുണയും ഉണ്ടാകാറുണ്ട്.

## വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ

- വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന എല്ലാ കുട്ടികളെയും വിദ്യാലയത്തിലെത്തിക്കുക.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അത് മുൻനിർത്തി എല്ലാ കുട്ടികൾക്കും അവസരവും പങ്കാളിത്തവും നൽകി കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക.
- ഇംഗ്ലീഷിൽ അനായാസം ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക.
- വിവര സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവരാക്കുക.
- പൊതു വിദ്യാഭ്യാസത്തിന്റെ മേന്മ ഉയർത്താനായി കുട്ടികളെ ഗവേഷണ ശീലമുള്ളവരാക്കി മാറ്റുക.
- പിന്നോക്ക നിലവാരക്കാരുടെ ഉന്നമന ബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

മേഖല- അക്കാദമികം

ഉപമേഖല- മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മലയാള ഭാഷാ വികസനത്തിനും ആശയ വിനിമയ ശേഷി, സർഗാത്മക ഭാഷാ നൈപുണികൾ എന്നിവ നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | × പ്രീ ടെസ്റ്റ്<br>× അക്ഷരപ്പാട്ട്<br>× മലയാളത്തിളക്കം<br>× ഡയറി എഴുത്ത്<br>× കഥാരചന<br>× കവിതാരചന<br>× പത്രവാർത്ത<br>× സംഭാഷണം, വായനാശാല,<br>× കടങ്കഥപ്പയറ്റ്, സർഗവേദി, ഉറക്കെ വായന.<br>× ആശംസാ കാർഡ് നിർമ്മാണം<br>× പദസൂര്യൻ<br>× വായ്ത്താരി<br>× പദപ്രശ്നം<br>× പലതരം കളികൾ<br>× പാചകക്കുറിപ്പ് | June മുതൽ March വരെ | HM<br>മലയാളം അധ്യാപകർ |

മേഖല - അക്കാദമികം

വിഷയം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗണിതത്തോട് താൽപര്യം ഉണർത്തുന്ന പ്രവർത്തനങ്ങൾ, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. | * പ്രീടെസ്റ്റ്<br>* വിലയിരുത്തൽ<br>* ഗണിത ലാബ്<br>* ഗണിത ക്ലബ്<br>* വില വിവരപ്പട്ടിക<br>* ഗണിതപ്പാട്ട്<br>* ഗണിതകേളി<br>* സങ്കലന ഗുണന വസ്തുതകൾ ഉറപ്പിക്കൽ<br>* സംഖ്യാവ്യാഖ്യാനം | June to march | HM<br>Class trs. |

Zone Academic

Subject - English

| Aim | Activities | Time | Duties |
| --- | --- | --- | --- |
| · To speak, read and write English without any mistakes. | · pre test<br>· English Assembly<br>· Hello English programme.<br>· class Library<br>· skit<br>· Conversation<br>· T.B activities.<br>· Reading card<br>· Role play<br>· Action Songs<br>· Riddles<br>· Add more lines<br>· Rhymes<br>· Stories. | June to march. | H.M<br>class tr |

## ആരോഗ്യ - കലാ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| • ഓരോ കുട്ടികളേയും ശുചിത്വ മുള്ളവരാക്കുക. | • ബോധവത്കരണ ക്ലാസ് |
| • ആരോഗ്യ മുള്ള തലമുറ | • ദന്ത സംരക്ഷണം |
| • കായിക ശേഷി വർധിപ്പിക്കുക. | • മെഡിക്കൽ ചെക്കപ്പ് |
| • കലാവാസനകൾ പരിപോഷിപ്പിക്കുക | • ബോധവത്കരണം |
| • പ്രവൃത്തി പരിചയം ഉറപ്പാക്കുക. | • വ്യായാമം |
| • | • കായിക പരിശീലനം |
| | • വിദ്യാരംഗം കലാസാഹിത്യ വേദി |
| | • പ്രവൃത്തി പരിചയ ക്ലബ്ബുകൾ |

## ഉപസംഹാരം

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. അധ്യയനത്തിന്റെ ഭാഗമായി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി. അധ്യാപകരുടേയും, S.S.G യുടേയും, P.T.A യുടേയും സഹകരണത്തോടെ നടത്തുന്ന ഈ പദ്ധതി വിജയകരമായി തീർക്കാൻ നമുക്ക് സാധിക്കട്ടെ. അതിനായി നമുക്ക് പ്രയത്നിക്കാം.